## 588

രീതി: ഇമ്മാനുവേൽ തൻ ചങ്ക

1 നിസ്തുല്യനാഥൻ ക്രിസ്തുവിൽ വാസ്തവമാം മോദം
ദർശിക്കുമേതു വ്യക്തിയും ക്രൂശിൻ പ്രകാശത്താൽ

2 അവർണ്ണ്യമാം തൻ സ്നേഹമോ അഗണ്യനാമെന്നെ
രക്ഷിച്ചു ക്രൂശിൻ രക്തത്താൽ ശിക്ഷാവിമുക്തനായ്-

3 സാഷ്ടാംഗം വീണിടുന്നു ഞാൻ സ്രഷ്ടാവേ, രക്ഷകാ,
നിനക്കെൻ ബഹുമതിയും ധനം സമയവും

4 സമ്പൂർണ്ണമായ് നൽകിടുന്നു അൻപേറും നാഥനേ,
എൻഗേഹം ഭൂനിക്ഷേപങ്ങൾ നിൻഘോഷണത്തിന്നായ്-

5 എൻദേഹം ദേഹി മാനസം നിൻസ്നേഹജ്വാലയാൽ
പ്രശോഭിതമായ്ത്തീരുവാൻ നാഥാ തുണയ്ക്കുക-

6 എൻജീവൻ സൗഖ്യം മുറ്റുമായ് സംജീവദായകാ
അർപ്പിക്കുന്നേ നിൻകൈകളിൽ ചെയ്‌വാൻ നിൻപൊന്നിഷ്ടം

7 സമസ്തവും നിൻപാദത്തിൽ സമർപ്പിക്കുന്നഹം
ജയിക്കുക ഭവാനെന്നും നയിക്ക സാധുവെ- **A.M.S.**